ഏപ്രിൽ 1 മുതൽ 10 വരെ

ദേശീയ പുസ്തകോത്സവം 2017

സാംസ്കാരികോത്സവം

# എഴുത്തരങ്ങ്

കേരള സാഹിത്യ അക്കാദമി

വാർത്താപത്രിക 1

കേരള സർക്കാർ
സാംസ്കാരികവകുപ്പ്



പുസ്തകോത്സവത്തിന് തുടക്കം

**ലക്ഷ്മൺ ഗെയ്ക്വാദ്**

2017 ഏപ്രിൽ 1 ശനി 05:00





കെ.പി.ശങ്കരൻ  സുനിൽ പി.ഇളയിടം

സെമിനാർ : നവോത്ഥാനം യുക്തിചിന്ത ശാസ്ത്രബോധം

2017 ഏപ്രിൽ 2 ഞായർ 04:30

കേരള ജനതയ്ക്ക് മഹാസ്വപ്നങ്ങൾ കാണാൻ കഴിവും കരുത്തും നൽകിയ ഇന്നലെകളുടെ ചരിത്രത്തിൽ, പുസ്തകങ്ങളും വായനയും ഗ്രന്ഥശാലാപ്രസ്ഥാനവും അതിമഹത്തായ പങ്കുവഹിച്ചിട്ടുണ്ട്. നവോത്ഥാനകേരളം ആധുനികതയിലേക്ക് കുതിക്കുമ്പോൾ, മാറ്റത്തിന്റെ മുൻനിരയിൽനിന്ന മഹാഗ്രന്ഥങ്ങൾ പരിവർത്തനത്തിനായുള്ള ഒരു പടയോട്ടംതന്നെ സാധ്യമാക്കി. കേരളസമൂഹം പുരോഗമനകാലത്തിന്റെ നിർഭയമായ സ്വാതന്ത്ര്യത്തിലേക്ക് ഉയർന്നത്, വായനയിലൂടെയും അതിലൂടെ അടിത്തട്ടോളം വ്യാപിച്ച ജനാധിപത്യപരമായ ആശയസംവാദങ്ങളിലൂടെയുമാണ്.

വിജ്ഞാനത്തിന്റെയും സർഗാത്മകതയുടെയും നിത്യവിസ്മയങ്ങൾക്ക് അരങ്ങാണ് കേരള സാഹിത്യ അക്കാദമി സംഘടിപ്പിക്കുന്ന ദേശീയ പുസ്തകോത്സവവും എഴുത്തരങ്ങ് സാംസ്കാരികോത്സവവും. സാംസ്കാരികരംഗത്തെ അർത്ഥപൂർണ്ണമായ ഒരിടപെടൽ എന്ന നിലയിൽ പൊതുമണ്ഡലത്തിൽ ചലനങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്ന വിധത്തിലാണ് ഈ അക്ഷരോത്സവം വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു. മലയാളസംസ്കൃതിയുടെ മഹാഘോഷമായി ദേശീയ പുസ്തകോത്സവവേള മാറിത്തീരട്ടെയെന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.



**പിണറായി വിജയൻ**
കേരള മുഖ്യമന്ത്രി

---

ഭാഷയും എഴുത്തുവിദ്യയും മനുഷ്യന് പകർന്ന് നൽകിയ ജ്ഞാനദീപ്തി ചരിത്രകാലഘട്ടങ്ങളെ പ്രകാശപൂരിതമാക്കി സംസ്കാരത്തെ ഉന്നതിയിലെത്തിച്ചു. വർത്തമാനകാലത്തും വായനയുടെ ലോകം രീതിമാറ്റങ്ങളോടെ സുഭദ്രമായി തുടരുന്നു. വായനയും വിചാരവും ജനകീയമാക്കാൻ കേരള സാഹിത്യ അക്കാദമി സംഘടിപ്പിക്കുന്ന ദേശീയ പുസ്തകോത്സവത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സാംസ്കാരികോത്സവമായി സംഘടിപ്പിച്ചിട്ടുള്ള പുസ്തകോത്സവത്തിന് സർവമംഗളങ്ങളും നേരുന്നു.



**പി.ശ്രീരാമകൃഷ്ണൻ**
നിയമസഭാസ്പീക്കർ

---

കേരള സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ തൃശൂരിൽ നടക്കുന്ന ദേശീയ പുസ്തകോത്സവത്തിന്റെയും അക്ഷരോത്സവത്തിന്റെയും വിജയത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു. വളരെ വിപുലമായും വൈവിധ്യത്തോടെയും സംഘടിപ്പിച്ചിരിക്കുന്ന ഈ സാംസ്കാരികോത്സവം ഹൃദ്യമായൊരു അനുഭവമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വായനയെയും സാഹിത്യത്തെയും കൂടുതൽ ജനങ്ങളിലേക്കെത്തിക്കുന്നതിന് സാഹിത്യ അക്കാദമിയുടെ ഈ ദൗത്യം ഏറെ സഹായകരമാണ്. പുസ്തകോത്സവത്തിന്റെ മുന്നണിയിലും പിന്നണിയിലും പ്രവർത്തിക്കുന്ന എല്ലാവരെയും ഹൃദയപൂർവം അഭിനന്ദിക്കുന്നു.



**പ്രൊഫ.സി.രവീന്ദ്രനാഥ്**
വിദ്യാഭ്യാസവകുപ്പുമന്ത്രി

അക്ഷരങ്ങളുടെ ഒരു വലിയ ലോകം സ്വന്തമാക്കിയതിലൂടെയാണ് മലയാളി വിശ്വപൗരനായി വളർന്നത്. ഭിന്നസംസ്കാരങ്ങളെ സാഹോദര്യത്താൽ ഒന്നിപ്പിക്കുന്ന സുദൃഢമായ പാരസ്പര്യത്തിന്റെ കണ്ണികളാണ് പുസ്തകങ്ങൾ. മനുഷ്യമനസ്സിനെ വിമലീകരിക്കുകയും ഉത്തമമൂല്യങ്ങളിലേക്കും ഹൃദയവിശുദ്ധിയിലേക്കും മാനവികതയിലേക്കും നയിക്കുകയും ചെയ്യുക എന്ന മഹത്തായ ദൗത്യമാണ് പുസ്തകങ്ങൾ നിർവഹിക്കുന്നത്.

കേരള സാഹിത്യ അക്കാദമി തൃശൂരിൽ പത്ത് ദിവസങ്ങളിലായി സംഘടിപ്പിക്കുന്ന ദേശീയ പുസ്തകോത്സവം അറിവിന്റെയും ആശയങ്ങളുടെയും ഒരു വിശാലലോകം അക്ഷരപ്രേമികൾക്കായി തുറന്നുകൊടുക്കുമെന്ന് പ്രത്യാശിക്കുന്നു. ഒപ്പം ഒരുക്കുന്ന എഴുത്തരങ്ങ് സാംസ്കാരികോത്സവം സർഗാവിഷ്കാരങ്ങളുടെയും കലാസാഹിത്യമത്സരങ്ങളുടെയും സാക്ഷാൽകാരവേദിയായിത്തീരട്ടെയെന്നും ആഗ്രഹിക്കുന്നു. വിജ്ഞാനത്തിന്റെ നവമാനങ്ങൾ തേടുന്ന ദേശീയ പുസ്തകോത്സവത്തിന് കേരളീയകലകളുടെ നിറഞ്ഞാട്ടമായ സാംസ്കാരികോത്സവത്തിനും എല്ലാ വിജയങ്ങളും ആശംസിക്കുന്നു.



എ.കെ.ബാലൻ
സാംസ്കാരികവകുപ്പുമന്ത്രി

# ദേശീയ പുസ്തകോത്സവം ഉദ്ഘാടനം
# ലക്ഷ്മൺ ഗെയ്ക്‌വാദ്

സാഹിത്യ അക്കാദമി അങ്കണത്തിൽ ഏപ്രിൽ ഒന്ന് മുതൽ പത്ത് വരെ നടക്കുന്ന ദേശീയ പുസ്തകോത്സവം പ്രമുഖ മറാഠി എഴുത്തുകാരൻ ലക്ഷ്മൺ ഗെയ്ക്‌വാദ് ഉദ്ഘാടനം ചെയ്യും. മറാഠി ഭാഷയിലെ ആധുനിക നോവൽ ശാഖയിൽ ദലിത് ജീവിതാനുഭവങ്ങളുടെ പൂക്കാലം വിരിയിച്ച നോവലിസ്റ്റും, പൊതുസമൂഹത്തിലിടം കിട്ടാത്ത നിഷ്കാസിതർക്കുവേണ്ടി ശബ്ദമുയർത്തുന്ന സാമൂഹ്യപ്രവർത്തകനുമാണ് അദ്ദേഹം. ഉചല്യ എന്ന ആത്മകഥാപരമായ നോവൽ 1988-ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരമടക്കം നിരവധി അംഗീകാരങ്ങൾ നേടുകയും ഏറെ ചർച്ച ചെയ്യപ്പെടുകയും പത്തിലധികം ഭാഷകളിലേക്ക് പരിഭാഷ ചെയ്യപ്പെടുകയുമുണ്ടായി. ജന്മനാ കുറ്റവാളികളെന്ന് ബ്രിട്ടീഷുകാർ ചാപ്പ കുത്തിയ ഉചല്യ എന്ന നാടോടിഗോത്രത്തിന്റെ ജീവിതസത്യങ്ങളാണ് ഉചല്യ ആവിഷ്കരിച്ചത്. ഇന്ത്യൻ സാഹിത്യത്തിൽ ദലിത് എഴുത്തിന്റെ സൂര്യപ്രകാശം ചൊരിയുന്ന പ്രതിഭാശാലിയാണ് ലക്ഷ്മൺ ഗെയ്ക്‌വാദ്.





# ഭാവന പുഷ്പിക്കുന്ന ഇടങ്ങൾ



വൈശാഖൻ
പ്രസിഡന്റ്
കേരള സാഹിത്യ അക്കാദമി

മനുഷ്യന് സഹജീവിസ്നേഹവും പ്രകൃതിപ്രേമവും ഇല്ലാതായിവരുന്ന അപകടകരമായൊരു കാലയളവാണിത്. അറിവുകളും അതിൽനിന്നും ജനിക്കുന്ന മഹാജ്ഞാനവും മനുഷ്യരിൽ പരിമിതപ്പെട്ടുവരികയാണ്. നൈതികജാഗ്രതയും പാരിസ്ഥിതികാവബോധവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു തലമുറ വളർന്നുവരുന്നു. കരയിപ്പിക്കുന്ന വാർത്തകൾ ഓരോ പ്രഭാതത്തിലും നമ്മെ കാത്തിരിക്കുന്നു. ഹിംസയും മൂല്യരാഹിത്യവും ലഹരിമരുന്നും വ്യാപിക്കുന്ന ഒരു സമൂഹത്തിലാണ് നാം പുലരുന്നത്. എന്തുകൊണ്ട് മനുഷ്യന് സ്വന്തം മനസ്സിനെ ശുദ്ധീകരിക്കാനും പ്രബുദ്ധമാക്കാനും കഴിയുന്നില്ലെന്ന ചോദ്യം കൂടുതൽ പ്രസക്തിയോടെ ഉയർന്നുകൊണ്ടിരിക്കുന്നു.

അപമാനവീകരിക്കപ്പെടുന്ന ജീവിതത്തെ സുന്ദരമാക്കാനുള്ള ഉപാധികളാണ് പുസ്തകങ്ങൾ. അവ നിർജ്ജീവമായ സിരകളിൽ പുത്തൻ ചോരയോട്ടം നിറക്കുന്നു. ചിന്തയുടെ മണ്ഡലങ്ങളിൽ അഴിച്ചുപണിയും പുതുക്കിപ്പണിയലുകളും നടത്തുന്നു. ആശയസംവാദത്തിനുള്ള സാധ്യതകളും സൃഷ്ടിക്കുന്നു. ഒരു സമൂഹം അടിത്തട്ടോളം ജനാധിപത്യവൽകരിക്കപ്പെടുന്നത് വായനയിലൂടെയാണ്. അതുകൊണ്ടുതന്നെയാണ് ഗാന്ധിയും ടാഗോറും ശ്രീനാരായണഗുരുവും അയ്യങ്കാളിയുമെല്ലാം അക്ഷരസ്നേഹത്തിന്റെകൂടി പ്രവാചകരായത്. എല്ലാതരം അസ്വാതന്ത്ര്യത്തിൽനിന്നും ജാതീയമായ ഉച്ചനീചത്വത്തിൽനിന്നും വിമുക്തരാകാൻ പുസ്തകപ്രചരണത്തിലൂടെ സാധിച്ചുവെന്നതാണ് കേരളനവോത്ഥാനം നമുക്ക് തന്ന വിലപ്പെട്ട ഒരു പാഠം.

അമൂല്യമായ പലതും ഇല്ലതാവുമ്പോഴാണ് അവയുടെ സാന്നിധ്യം എത്രമാത്രം അഗാധമായിരുന്നുവെന്ന് നാമറിയുക. മാനവരാശിയെ മാറ്റിത്തീർത്ത മഹാഗ്രന്ഥങ്ങൾ ഒന്നോർത്തുനോക്കുക. അവ എഴുതപ്പെട്ടില്ലായിരുന്നെങ്കിൽ, വായിക്കപ്പെട്ടില്ലായിരുന്നെങ്കിൽ, സമൂഹത്തെ പരിവർത്തിപ്പിക്കുന്ന ചാലകശക്തിയായി മാറിത്തീർന്നില്ലായിരുന്നെങ്കിൽ ലോകജനത എത്രയോ നിസ്സാരതയിൽ കഴിയേണ്ടി വന്നേനെ. അടിമത്തത്തിൽനിന്ന്, വർണവിവേചനത്തിൽനിന്ന്, ചൂഷണത്തിൽനിന്ന്, അധിനിവേശത്തിൽനിന്ന് ഒക്കെയുള്ള പോരാട്ടങ്ങളിൽ നമുക്ക് തുണയായത് പുസ്തകങ്ങളാണ്.

ഭാവനയുടെയും ചിന്തയുടെയും ഉണർവിലേക്ക് പുസ്തകോത്സവം നമ്മെ കൊണ്ടുപോകട്ടെ. ഏതെങ്കിലും ആയുധമായിരിക്കരുത് മാനവരാശിയുടെ കുലചിഹ്നം. അത് പുസ്തകം തന്നെയായിരിക്കട്ടെ.

■



# പുസ്തകോത്സവക്കൊടിയേറ്റം



ഡോ.കെ.പി.മോഹനൻ
സെക്രട്ടറി
കേരള സാഹിത്യ അക്കാദമി

ഐക്യകേരളത്തിന്റെ അക്ഷരഹൃദയമാണ് കേരള സാഹിത്യ അക്കാദമി. കേരളപ്പിറവിവർഷത്തിലാണ് അക്കാദമി ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഇന്നുവരെ ഈ മഹാസ്ഥാപനം അതിന്റെ പ്രൗഢിയും നിലവാരവും കർമോത്സുകതയോടെ നിലനിലനിർത്തിപ്പോന്നു. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും സർവതോന്മുഖമായ ഉണർവിന് അടിസ്ഥാനമാവുന്ന അനേകം പരിപാടികൾ അക്കാദമി ആവിഷ്കരിച്ച് നടപ്പിലാക്കി. മലയാളത്തിലെ എല്ലാ എഴുത്തുകാരുടെയും വായനക്കാരുടെയും സ്നേഹവിശ്വാസങ്ങൾ നേടിയെടുക്കാൻ അക്കാദമിക്ക് കഴിഞ്ഞിട്ടുണ്ട്. ഏറെ ശ്രദ്ധയോടെയും സൂക്ഷ്മതയോടെയുമാണ് അക്കാദമി ഓരോ പദ്ധതിയും ആസൂത്രണം ചെയ്യുന്നത്. അവയൊക്കെ ബഹുജനപങ്കാളിത്തത്തോടെ വിജയിപ്പിക്കാൻ അവിശ്രമം പ്രവർത്തിച്ചുപോരുന്നു.

സാഹിത്യപഠിതാക്കൾക്കും അധ്യാപകർക്കും ഗവേഷകർക്കും പ്രയോജനപ്പെടുന്ന മികച്ച ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്ന അക്കാദമി ഒരു പുസ്തകപ്രസാധകസംഘം കൂടിയാണ്. ഒപ്പം, ധാരാളംപേർ സന്ദർശിക്കുന്ന ഒരു വിൽപനശാലയും, പുസ്തകവിതരണശൃംഖലയും അക്കാദമിയിൽ പ്രവർത്തിക്കുന്നു. കേരളത്തിലെ ഏറ്റവും നവീനസൗകര്യങ്ങൾവരെ സജ്ജീകരിച്ച ഒരു റെഫറൻസ് ലൈബ്രറിയും പഴയതും പുതിയതുമായ ആനുകാലികങ്ങളുടെ വിപുലമായൊരു ശേഖരവും അക്കാദമിയിലുണ്ട്. ശ്രദ്ധേയങ്ങളായ മൂന്ന് ആനുകാലികങ്ങൾ കൃത്യനിഷ്ഠയോടെ അക്കാദമി വായനക്കാരിലെത്തിക്കുന്നു. അക്കാദമിയുടെ ദൈനംദിനപ്രവർത്തനങ്ങളുടെ അവിഭാജ്യഘടകമാണ് പുസ്തകങ്ങൾ. ഇത്തരം സൗകര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ചുവടുവെപ്പ് എന്ന നിലയിലാണ് അക്കാദമി ദേശീയ പുസ്തകോത്സവം സംഘടിപ്പിക്കുന്നത്. കൂടാതെ, കലയുടെയും സംസ്കാരത്തിന്റെയും സജീവസാക്ഷാൽകാരമായ എഴുത്തരങ്ങ് സാംസ്കാരികോത്സവവും അരങ്ങേറുകയാണ്.

അക്കാദമി നിലകൊള്ളുന്ന ലക്ഷ്യങ്ങളിലേക്കുള്ള യാത്രയിൽ ഒരു നാഴികക്കല്ലായി മാറുകയാണ് ഈ രണ്ട് ഉത്സവങ്ങളും. സമ്പൂർണമായ സാംസ്കാരികാനുഭവം എന്നനിലയിൽ വിഭാവനം ചെയ്യപ്പെടുന്ന ഈ മഹാഘോഷം സഹൃദയസദസ്സിന് അർത്ഥപൂർണമായൊരു അക്ഷരവിരുന്നായി മാറിത്തീരും. പുതിയ തലമുറയെ വായനയിലേക്ക് അടുപ്പിക്കുന്ന കലാസാഹിത്യമത്സരങ്ങൾക്ക് പുസ്തകോത്സവം സവിശേഷപ്രാധാന്യം നൽകുന്നു. ഒഴിവുകാലം വിജ്ഞാനവിനിമയത്തിന്റേത് കൂടിയാക്കാൻ വിദ്യാർത്ഥികൾ രക്ഷിതാക്കൾക്കൊപ്പം അക്കാദമി അങ്കണത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. സാംസ്കാരികനഗരിക്ക് സർഗാത്മകമായ നവോന്മേഷം പകരുന്ന പത്തുദിനരാത്രങ്ങൾ സഫലമായിത്തീരാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ■

# മാനുഷികതയുടെ ഉണർവ്

എം.കെ.സാനു



ലൗകികമായ നേട്ടങ്ങൾക്ക് മാനുഷികമായ വിശിഷ്ടഗുണം പ്രദാനം ചെയ്യുന്നത് സാംസ്കാരികമായ ഉണർവാണ്. ആ ഉണർവിന് ആധാരമായി വർത്തിക്കുന്നത് സാംസ്കാരികമായ ജീവിതമാണെന്ന യാഥാർത്ഥ്യം നാം പലപ്പോഴും മറന്നുപോവുന്നു. അങ്ങനെ മറന്നു പോവുന്നതുമൂലമാണ് പൊതുജീവിതത്തിൽ അപചയമുണ്ടാവുന്നത്. ആ അപചയത്തിൽനിന്ന് സമൂഹത്തെ കര കയറ്റാൻ ഉപകരിക്കുന്ന ഉപാധികളിൽ ഏറ്റവും പ്രാധാന്യമുള്ളതാണ് പുസ്തകങ്ങളുമായുള്ള ബന്ധം. ഈ വാസ്തവത്തെക്കുറിച്ചോർക്കുമ്പോൾ പുസ്തകോത്സവങ്ങൾക്കുള്ളപ്രാധാന്യം എത്ര വലുതാണെന്ന് ബോധ്യമാവും.

കേരള സാഹിത്യ അക്കാദമി സംഘടിപ്പിക്കുന്ന പുസ്തകോത്സവം ഒരു ചരിത്രസംഭവമായി മാറിയിരിക്കുന്നു. പുസ്തകങ്ങളെ സ്നേഹിക്കാൻ മാത്രമല്ല, പുസ്തകങ്ങളുമായി ആത്മബന്ധം സ്ഥാപിക്കാൻ കൂടി ജനങ്ങളെ പ്രേരിപ്പിക്കുന്ന ഈ പരിപാടിക്ക് വിജയം ആശംസിക്കുന്നു.

# പുസ്തകങ്ങളാണിപ്പോൾ കൂട്ട്

സുമംഗല

ദേശീയ പുസ്തകോത്സവത്തിന്റെ ആലോചനായോഗത്തിനുള്ള ക്ഷണം കിട്ടി. നന്ദി. എന്നാൽ, എനിക്ക് ഇപ്പോൾ തീരെ വയ്യാതെയായിരിക്കുന്നു. വീടിനുള്ളിൽ ചുമർ പിടിച്ച് നടക്കും. രണ്ട് പേരുടെ സഹായം വേണം നടക്കാൻ. അതുകൊണ്ട് ഞാൻ ഈയിടെയായി പുറത്തെവിടെയും പോകാറില്ല. എനിക്ക് ദേശീയോത്സവത്തിലെ പുസ്തകങ്ങളിൽ വളരെയേറെ താൽപര്യമുണ്ട്. കഴിഞ്ഞ നാല് കൊല്ലമായി എനിക്ക് പുസ്തകങ്ങൾ മാത്രമാണ് കൂട്ടുകാർ. മറ്റാരുമില്ല ഒരു വാക്ക് മിണ്ടാൻ.

മലയാളം, ഇംഗ്ലീഷ്, സംസ്കൃതം പുസ്തകങ്ങൾ വായിച്ചുകൊണ്ടിരിക്കുന്നു. ഏത് വിഷയമായാലും വിരോധമില്ല. എല്ലാറ്റിലും അക്ഷരങ്ങളുണ്ടല്ലോ. അതുമതി. വരാൻ കഴിയാത്തതിൽ ക്ഷമ ചോദിക്കുന്നു. പുസ്തകോത്സവം ഭംഗിയായി നടക്കട്ടെ.



# ദേശീയ പുസ്തകോത്സവം സംഘാടകസമിതി

**മുഖ്യരക്ഷാധികാരികൾ** : എ.സി.മൊയ്തീൻ ബഹു.മന്ത്രി, പ്രൊഫ.സി.രവീന്ദ്രനാഥ് ബഹു. മന്ത്രി, വി.എസ്.സുനിൽകുമാർ ബഹു.മന്ത്രി, സി.എൻ.ജയദേവൻ എം.പി., വൈശാഖൻ, കെ.പി.എ.സി.ലളിത, ചെയർപെഴ്സൻ, കേരള സംഗീത നാടക അക്കാദമി, സത്യപാൽ, ചെയർമാൻ, കേരള ലളിതകലാ അക്കാദമി, ഡോ.എം.സി.ദിലീപ്കുമാർ, വൈസ് ചാൻസലർ, കേരള കലാമണ്ഡലം.

**രക്ഷാധികാരികൾ** : ഇന്നസെന്റ് എം.പി., പി. കെ.ബിജു എം.പി., കെ.വി.അബ്ദുൾഖാദർ എം.എൽ.എ., മുരളി പെരുനെല്ലി എം.എൽ.എ., വി.ആർ.സുനിൽകുമാർ എം.എൽ.എ., യു. ആർ.പ്രദീപ് എം.എൽ.എ., ബി.ഡി.ദേവസ്സി എം.എൽ.എ., ഇ.ടി.ടൈസൺമാസ്റ്റർ എം. എൽ.എ., ഗീതാഗോപി എം.എൽ.എ., കെ.രാജൻ എം.എൽ.എ., അനിൽ അക്കര എം.എൽ. എ., കെ.യു.അരുണൻ എം.എൽ.എ., ഷീല വിജയകുമാർ പ്രസിഡന്റ് ജില്ലാ പഞ്ചായത്ത്, കെ.രാധാകൃഷ്ണൻ, അഡ്വ.തേറമ്പിൽ രാമകൃഷ്ണൻ, കെ.പി.രാജേന്ദ്രൻ, ഡോ.ഖദീജ മുംതാസ്, കലാമണ്ഡലം ഗോപി, പെരുവനം കുട്ടൻമാരാർ, കലാമണ്ഡലം ക്ഷേമാവതി.

**ചെയർപെഴ്സൻ** : അജിത ജയരാജൻ, ബഹു.മേയർ.

**വൈസ് ചെയർമാന്മാർ** : വർഗ്ഗീസ് കണ്ടംകുളത്തി ഡെപ്യൂട്ടി മേയർ, കെ.പി.രാധാകൃഷ്ണൻ, വൈസ് പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത്, എൻ.രാധാകൃഷ്ണൻനായർ, സെക്രട്ടറി, സംഗീത നാടക അക്കാദമി, പൊന്ന്യം ചന്ദ്രൻ, സെക്രട്ടറി, ലളിതകലാ അക്കാദമി, ഡോ.കെ.കെ.സുന്ദരേശൻ, രജിസ്ട്രാർ കലാമണ്ഡലം, അഡ്വ.എം.കെ.മുകുന്ദൻ, പ്രതിപക്ഷ നേതാവ്, കോർപ്പറേഷൻ, സി.എൽ.ജോസ്, ഡോ.കാവുമ്പായി ബാലകൃഷ്ണൻ, വി. ആർ.സന്തോഷ് ഇൻഫർമേഷൻ ഓഫീസർ, സന്തോഷ് ജോൺ തൂവൽ, പ്രസിഡണ്ട്, പ്രസ്സ്ക്ലബ്ബ്, ആനന്ദവർമ, ഡയറക്ടർ, ദൂരദർശൻ, എം.എൻ.രാജീവൻ, അസിസ്റ്റന്റ് ഡയറക്ടർ, പ്രോഗ്രാം, ആകാശവാണി, ഡോ.എൻ. ആർ.ഗ്രാമപ്രകാശ്, നിർവ്വാഹകസമിതിയംഗം, കേരള കലാമണ്ഡലം, സേവ്യർ പുൽപ്പാട്ട്, വൈസ് ചെയർമാൻ, കേരള സംഗീത നാടക അക്കാദമി, ഡോ.പി.വി.കൃഷ്ണൻനായർ, ബേബി ജോൺ, പാർവ്വതി പവനൻ, അശോകൻ ചരുവിൽ, വത്സല ബാബുരാജ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, തൃശൂർ കോർപ്പറേഷൻ, മഞ്ജുള അരുണൻ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, തൃശൂർ ജില്ലാ പഞ്ചായത്ത്, പി.ബാലചന്ദ്രൻ ചെയർമാൻ, കാംകോ.

**ജനറൽ കൺവീനർ** : ഡോ.കെ.പി.മോഹനൻ.

**കൺവീനർമാർ** : ഡോ.സി.രാവുണ്ണി, അക്കാദമി ജനറൽ കൗൺസിൽ അംഗം, കെ.എൻ. ഹരി, സെക്രട്ടറി, ജില്ലാ ലൈബ്രറി കൗൺസിൽ.

**ട്രഷറർ** : ഡോ.എ.കൗശികൻ ഐഎഎസ്, ജില്ലാ കളക്റ്റർ.



പ്രാചീനകാലത്തെ ഏറ്റവും വലിയ പുസ്തകശാലയായിരുന്നു അലക്സാൺഡ്രിയ ലൈബ്രറി. അരിസ്റ്റോട്ടിൽ തന്റെ വിദ്യാർത്ഥികൾക്കുവേണ്ടി സൂക്ഷിച്ച സ്വകാര്യശേഖരത്തിൽനിന്നാണ് ഈ ലൈബ്രറിയുടെ ഉത്ഭവം. പിന്നീട് ബി.സി. മൂന്നാം നൂറ്റാണ്ടിൽ ടോളമിയുടെ കാലത്ത് ഒരു രാജകീയവിജ്ഞാപനം ഇറക്കുകയുണ്ടായി. അലക്സാൺഡ്രിയയിൽ ജീവിക്കുന്നവരും അതുവഴി യാത്രചെയ്യുന്നവരും നിർബന്ധമായും തങ്ങളുടെ കൈവശമുള്ള എല്ലാ പുസ്തകങ്ങളും ലൈബ്രറിയിൽ നൽകണമെന്നായിരുന്നു ആ വിജ്ഞാപനം. അങ്ങനെ കിട്ടുന്ന പുസ്തകങ്ങളുടെ പകർപ്പുകളെടുത്ത് യഥാർത്ഥപ്രതി ലൈബ്രറിയിൽ സൂക്ഷിക്കുകയും പകർപ്പ് ഉടമസ്ഥന് നൽകുകയും ചെയ്യുമായിരുന്നു. അങ്ങനെയാണ് പിന്നീട് അതിബൃഹത്തായ ഒരു പുസ്തകശേഖരം ഈ ലൈബ്രറിക്ക് ലഭിച്ചതെന്നാണ് ചരിത്രം.

ബി.സി. 48-ൽ ജൂലിയസ് സീസർ ഈ ലൈബ്രറി തീവെച്ച് നശിപ്പിച്ചുവെന്ന് വിശ്വസിക്കപ്പെടുന്നു. പിന്നീട്, പല കാലഘട്ടങ്ങളിലായി ലൈബ്രറി പുനരുദ്ധരിക്കാൻ ശ്രമിച്ചിരുന്നെങ്കിലും പഴയ പ്രതാപം വീണ്ടെടുക്കാൻ സാധിച്ചില്ല. പിന്നീട്, നൂറ്റാണ്ടുകൾക്കുശേഷം യുനെസ്കോയുടെ ധനസഹായത്താൽ ഈജിപ്ഷ്യൻ ഗവൺമെന്റ് നൂതന സാങ്കേതികവിദ്യയിൽ പണികഴിപ്പിച്ച കെട്ടിടസമുച്ചയമാണ് ഇന്ന് കാണുന്ന ലൈബ്രറി. ഗ്രാനൈറ്റ് കൊണ്ട് നിർമിതമായ ഈ കെട്ടിടത്തിന്റെ ചുമരുകളിൽ നൂറ്റിയിരുപത് ഭാഷകളിലെ അക്ഷരങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്.

സൗജന്യമായ ഗൈഡ് സംവിധാനങ്ങൾ ഈ ലൈബ്രറിയിലുണ്ട്. ലോകത്തിലെ ഏറ്റവും വലിയ വായനാമുറിയുള്ള ഈ പുസ്തകശാലയിൽ കുട്ടികൾക്കും ചെറുപ്പക്കാർക്കുമുള്ള ലൈബ്രറിയും അന്ധർക്കും ശാരീരികവൈകല്യമുള്ളവർക്കും വേണ്ടിയുള്ള ലൈബ്രറിയും പ്രവർത്തിക്കുന്നു. കൂടാതെ, നൊബേൽ സമ്മാനവിഭാഗം, മൾട്ടിമീഡിയ ലൈബ്രറി, പുരാതനലിഖിതങ്ങളുടെ ശേഖരം, മറ്റ് അപൂർവപുസ്തകങ്ങളുടെ ശേഖരം എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

അലക്സാൺഡ്രിയ നഗരത്തിന്റെ മ്യൂസിയമായും ഒരു ഗവേഷണശാലയായും ഈ ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. ലൈബ്രറിക്കൊപ്പം പ്രവർത്തിക്കുന്ന മ്യൂസിയത്തിൽ ജ്യോതിശാസ്ത്രം, ശരീരശാസ്ത്രം, പ്രത്യേകതരം വളർത്തുമൃഗശാല എന്നിവയും പ്രവർത്തിക്കുന്നു. യൂക്ലിഡ്, ആർക്കമിഡീസ്, ഹിറോട്ടോസ്തനീസ്, ഹിപ്പോക്രസ്, തിയോൺ, ഹൈപേഷ്യ, പാപ്പസ് തുടങ്ങിയ ചിന്തകരുടെ പുസ്തകങ്ങളും ഇവിടെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ■

# പുസ്തകോത്സവദിനസരി

**ഏപ്രിൽ 2 ഞായർ**

10:00 **കലാസാഹിത്യമത്സരം**
ഉദ്ഘാടനം : പ്രിയനന്ദനൻ

10:30 **കാവ്യകേളി**

02:00 **ചിത്രരചനാമത്സരം**
ഉദ്ഘാടനം : അനുജാത് സിന്ധു വിനയ്ലാൽ

03:00 **പുസ്തകപ്രകാശനം** : ലോഗോസ് ബുക്സ്
വിഷുക്കൈനീട്ടം (നോവൽ)
പ്രകാശൻ ചുനങ്ങാട്
പ്രകാശനം : പ്രൊഫ.എം.ആർ.ചന്ദ്രശേഖരൻ

04:30 **സെമിനാർ** :
**നവോത്ഥാനം യുക്തിചിന്ത ശാസ്ത്രബോധം**
അധ്യക്ഷത : കെ.പി.ശങ്കരൻ
മുഖ്യപ്രഭാഷണം : സുനിൽ പി.ഇളയിടം
പങ്കെടുക്കുന്നവർ :
ഡോ.മ്യൂസ് മേരി ജോർജ്,
ജീവൻ ജോബ് തോമസ്,
ഡോ.എൻ.ആർ.ഗ്രാമപ്രകാശ്,
ടി.പി.കുഞ്ഞിക്കണ്ണൻ.

07:00 **പഞ്ചകാവ്യം**
അഞ്ച് പ്രശസ്ത കവിതകളുടെ
നൃത്തദൃശ്യാവിഷ്കാരം : രേഷ്മ യു.രാജ്,
അപർണ മുരളീധരൻ, ഐശ്വര്യ.
പ്രായോജകർ : ഭാരത് ഭവൻ, തിരുവനന്തപുരം

**ഏപ്രിൽ 3 തിങ്കൾ**

10:00 **ലളിതഗാനമത്സരം**

03:00 **പുസ്തകപ്രകാശനം** : പൂർണ പബ്ലിക്കേഷൻസ്
സ്പ്രിങ് സമ്മർ ഫാൾസ് വിന്റർ ആന്റ് സ്പ്രിങ്
(കഥകൾ) ഷാഹുൽ ഹമീദ് കെ.ടി.

04:30 **സെമിനാർ : സംസ്കാരവിമർശം**
അധ്യക്ഷത : പ്രൊഫ.എം.എം.നാരായണൻ
മുഖ്യപ്രഭാഷണം : പ്രൊഫ.എം.വി.നാരായണൻ
പങ്കെടുക്കുന്നവർ : ഡോ.വി.സുകുമാരൻ,
കെ.ഇ.എൻ., അജു നാരായണൻ,
എൻ.അജയകുമാർ.

06:30 **അനുസ്മരണം**
**പി.ഭാസ്കരൻ, ഒ.എൻ.വി., യൂസഫലി കേച്ചേരി**
പ്രഭാഷണം : ആലങ്കോട് ലീലാകൃഷ്ണൻ

07:00 **ഗാനാർച്ചന**
സഹകരണം : തുടി കൾച്ചറൽ ഫോറം
വി.ടി.മുരളി, അറക്കൽ നന്ദകുമാർ,
ഡോ.മഹിതാവർമ പാടുന്നു.



## ദേശീയ പുസ്തകോത്സവത്തിൽ പങ്കെടുക്കുന്ന പ്രസാധകർ

▪ ഖന്ന ബുക്സ്, ന്യൂഡെൽഹി ▪ കേന്ദ്ര സാഹിത്യ അക്കാദമി, ന്യൂഡെൽഹി ▪ തിയോസഫിക്കൽ പബ്ലിഷിങ് ഹൗസ്, ചെന്നൈ ▪ ഗുഡ് വേഡ് ബുക്സ്, ന്യൂഡെൽഹി ▪ ഗീത പ്രസ്സ്, ചെന്നൈ ▪ കൃഷ്ണ മൂർത്തി ഫൗണ്ടേഷൻ, ചെന്നൈ ▪ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ▪ കേരള സംസ്ഥാന സർവവിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട് ▪ കേരള ഫോക്‌ലോർ അക്കാദമി ▪ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ▪ ഡി.സി. ബുക്സ് ▪ ഐ ബുക്സ് ▪ കറന്റ് ബുക്സ് ▪ ഗ്രീൻ ബുക്സ് ▪ നാഷനൽ ബുക് സ്റ്റാൾ ▪ എച്ച് & സി പബ്ലിഷിങ് ഹൗസ് ▪ പൂർണ പബ്ലിക്കേഷൻസ് ▪ വിനായക പബ്ലിക്കേഷൻസ് ▪ ദേശാഭിമാനി ബുക് ഹൗസ് ▪ ഡ്രീം ഏഷ്യ ▪ ലാൽ ബുക്സ് ▪ മലയാളമനോരമ ▪ പ്രഭാത് ബുക് ഹൗസ് ▪ ലോഗോസ് ബുക്സ് ▪ മാതൃഭൂമി ബുക്സ് ▪ ഇസ്ലാം ഇന്റർനാഷനൽ ബുക്സ് ▪ കേരള സംഗീത നാടക അക്കാദമി ▪ കേരള ലളിതകലാ അക്കാദമി ▪ സീഡ് ബുക്സ് ▪ റെഡ് റോസ് പബ്ലിഷിങ് ഹൗസ് ▪ പി.എ.ജി. പബ്ലിക്കേഷൻസ് ▪ ജില്ലാ ഇൻഫർമേഷൻ ഓഫീസ് ▪ കേരള സാഹിത്യ അക്കാദമി ▪ സമത, എ കലക്റ്റീവ് ഫോർ ജെന്റർ ജസ്റ്റിസ് ▪ സാഹിതി ബുക്സ് ▪ സമ്രാട്ട് പബ്ലിഷേഴ്സ് ▪ പാമ്പുങ്ങൽ പബ്ലിഷേഴ്സ് ▪ 3000 ബി.സി. സ്ക്രിപ്റ്റ് മ്യൂസിയം ▪ സർഗസ്വരം ▪ പേപ്പർ ബേ ▪ ആർകൈവ്സ്, തിരുവനന്തപുരം ▪ മലയാളപഠനഗവേഷണകേന്ദ്രം ▪ ഹരിശ്രീ ബുക് സെല്ലേഴ്സ് ▪ മാളുബെൻ ▪ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ▪ കേരള സ്റ്റേറ്റ് ബുക് മാർക് ▪ കേരള യൂണിവേഴ്സിറ്റി ▪ സൈകതം ബുക്സ് ▪



# ഗ്രന്ഥശാലാപ്രവർത്തകരെ ആദരിക്കുന്നു

ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് കേരളത്തിലെ മുതിർന്ന അഞ്ച് ഗ്രന്ഥശാലാപ്രവർത്തകരെ ആദരിക്കുന്നു. അരനൂറ്റാണ്ട് കാലത്തോളം ഗ്രന്ഥശാലാപ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടവർക്കാണ് ആദരം. പുസ്തകോത്സവവേദിയിൽവെച്ച് 2017 ഏപ്രിൽ 9 ഞായർ മൂന്ന് മണിക്ക് തൃശൂർ ജില്ലാ ലൈബ്രറി കൗൺസിലിന്റെ സഹകരണത്തോടുകൂടി ചേരുന്ന സമ്മേളനത്തിൽവെച്ച് പുരസ്കർത്താക്കൾക്ക് കേരള സാഹിത്യ അക്കാദമിയുടെ പ്രശസ്തിപത്രവും ഉപഹാരവും നൽകി ആദരിക്കും.



# കലാസാഹിത്യമത്സരങ്ങൾ വിദ്യാർത്ഥികൾക്ക് സംസ്ഥാനതലത്തിൽ

റെഗുലർ-പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. കവിതാലാപനം, കാവ്യകേളി, പ്രസംഗമത്സരം, ലളിതഗാനം, സാഹിത്യക്വിസ്, ചിത്രരചന എന്നീ ഇനങ്ങളിലായിരിക്കും മത്സരം.

സാഹിത്യക്വിസിൽ (കോളേജ്തലം മാത്രം) രണ്ടുപേരടങ്ങുന്ന ടീമിനാണ് പ്രവേശനം. പ്രസംഗമത്സരത്തിലും കവിതാലാപനത്തിലും ലളിതഗാനത്തിലും 8 മുതൽ +2 വരെയും (സ്കൂൾതലം) ഡിഗ്രി മുതലുള്ള പ്രൊഫഷണൽ വിദ്യാർത്ഥികൾക്കും (കോളേജ്തലം) രണ്ടു വിഭാഗങ്ങളിലായി പങ്കെടുക്കാം. നഴ്സറി വിദ്യാർത്ഥികൾ, എൽ.പി. (9 വയസ്സുവരെ), യു.പി. (10 മുതൽ 12 വരെ), ഹൈസ്കൂൾ (13–15), ഹയർ സെക്കണ്ടറി (16–17) തലങ്ങളിലായിരിക്കും ചിത്രരചനാമത്സരം. പങ്കെടുക്കുന്നവർ ബ്രഷ്, ചായം എന്നിവ കൊണ്ടുവരേണ്ടതാണ്. പേപ്പർ അക്കാദമി നൽകും.

പൊതുജനങ്ങൾക്കായി സംഘടിപ്പിക്കുന്ന സാഹിത്യക്വിസിൽ (വ്യക്തിഗതം) പ്രായഭേദമെന്യേ എല്ലാവർക്കും പങ്കെടുക്കാം. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകും.

ചിത്രരചനാമത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്നവർക്ക് ട്രോഫികൾ നൽകും. വ്യക്തിഗതവിഭാഗങ്ങളിൽ 3,000, 2,000, 1,000 രൂപ ക്യാഷ് അവാർഡും പുസ്തകങ്ങളും സാക്ഷ്യപത്രവും, സാഹിത്യക്വിസിന് 5,000, 3,000, 2,000 ക്യാഷ് അവാർഡും സാക്ഷ്യപത്രവും, പകർന്നാട്ടം മത്സരത്തിന് 7,000, 5,000, 3,000 രൂപ ക്യാഷ് അവാർഡും സാക്ഷ്യപത്രവുമായിരിക്കും സമ്മാനം. ചിത്രരചനയ്ക്ക് ഒഴികെ എല്ലാ വിഭാഗത്തിലും 50 രൂപ രജിസ്ട്രേഷൻ ഫീ മത്സരത്തിനു മുമ്പ് കൗണ്ടറിൽ അടക്കേണ്ടതാണ്.

## മത്സരങ്ങളുടെ തീയതിയും സമയവും

രജിസ്ട്രേഷൻ രാവിലെ ഒമ്പത് മണിക്ക്

| | |
|---|---|
| കാവ്യകേളിമത്സരം | ഏപ്രിൽ 2 ഞായർ 10 മണി |
| ചിത്രരചനാമത്സരം | ഏപ്രിൽ 2 ഞായർ 2 മണി |
| ലളിതഗാനമത്സരം | ഏപ്രിൽ 3 തിങ്കൾ 10 മണി |
| കവിതാലാപനമത്സരം | ഏപ്രിൽ 4 ചൊവ്വ 10 മണി |
| പ്രസംഗമത്സരം | ഏപ്രിൽ 5 ബുധൻ 10 മണി |
| സാഹിത്യക്വിസ് | ഏപ്രിൽ 6 വ്യാഴം 10 മണി |
| അക്ഷരശ്ലോകസദസ്സ് | ഏപ്രിൽ 9 ഞായർ 10 മണി-മത്സരമല്ല |
| പൊതുജനസാഹിത്യക്വിസ് | ഏപ്രിൽ 9 ഞായർ 2 മണി |

ഗസൽ
നാടകം
ഗാനാർച്ചന
സെമിനാർ
പഞ്ചകാവ്യം
കവിസംഗമം
കഥാസംവാദം
നാടൻകലകൾ
അനുസ്മരണങ്ങൾ
പുസ്തകപ്രകാശനം
അക്ഷരശ്ലോകസദസ്സ്
സാംസ്കാരികപ്രദർശനം
ഹിന്ദുസ്ഥാനി ബാംസുരി
പൊതുജനപ്രശ്നോത്തരി
കലാസാഹിത്യമത്സരങ്ങൾ
ഹിന്ദുസ്ഥാനി സംഗീതക്കച്ചേരി
ഗ്രന്ഥശാലാപ്രവർത്തകർക്ക് ആദരം
നാറാണത്ത് ഭ്രാന്തൻ ദൃശ്യാവിഷ്കാരം
ഒ.എൻ.വി.കവിതകൾ ദൃശ്യാവിഷ്കാരം

അക്ഷരമുറ്റത്ത്
പ്രത്യാശയുടെ
പ്രകാശം

# ദേശീയ പുസ്തകോത്സവം 2017

## എഴുത്തരങ്ങ്

## സാംസ്കാരികോത്സവം

സന്ദർശനസമയം
രാവിലെ 09:30 മുതൽ വൈകീട്ട് 08:00 വരെ

Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at Carmel Printers, Thrissur | Design : Roy Akkara